ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.

(ഹാജർ : ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/184/2023/ബി2 തീയതി : 26/06/2023**

വിഷയം :– ഹാർബർ എൻജിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിലെ സ്ഥലം മാറ്റ ഉത്തരവിൽ ഭാഗിക ഭേദഗതി വരുത്തി ഉത്തരവ് – പുറപ്പെടുവിക്കുന്നു.

പരാമർശം :–

1. ഈ കാര്യാലയത്തിലെ 20/06/2023 ലെ ഇതേ നമ്പർ ഉത്തരവ്.
2. മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ 31/05/2023 ലെ എ2/35/2023/എച്ച്.ഇ.സി.സി നമ്പർ കത്ത്.
3. എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ 18/05/2023 ലെ എ3/839/2020/ഇഇ നമ്പർ കത്ത്.

ഹാർബർ എൻജിനീയറിംഗ് എറണാകുളം ഡിവിഷൻ കാര്യാലയത്തിനു കീഴിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവം നിമിത്തം പ്രവൃത്തികളുടെ പുരോഗതിയിൽ തടസ്സം നേരിടുന്നതായി എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ പരാമർശം (3) മുഖേന അറിയിക്കുകയും ആയത് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എൻജിനീയർ പരാമർശം (2) മുഖേന ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവിൽ ഭാഗിക ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എൻജിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷനിൽ നിന്ന് മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ആൻസൺ ജി.പി. യെ ഹാർബർ എൻജിനീയറിംഗ് മുനമ്പം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

പരാമർശം (1) ലെ സ്ഥലം മാറ്റ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ആൻസൺ.ജി.പി,
രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ } ഓഫീസ് മേധാവി മുഖേന

പകർപ്പ് :–
1) സൂപ്രണ്ടിംഗ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് മദ്ധ്യമേഖല , എറണാകുളം.
2) എക്സിക്യൂട്ടീവ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ, എറണാകുളം.
3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മുനമ്പം സബ് ഡിവിഷൻ /ബേപ്പൂർകൺസ്ട്രക്ഷൻ സബ് ഡിവിഷൻ
4) ചീഫ് എൻജിനീയറുടെ സി.എ
5) ഐ.റ്റി.സെൽ

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T1/പി.ജെ